# സമരം, പ്രതിസന്ധി, പരിഹാരമാർഗ്ഗങ്ങൾ

**സമരം തുടരുകയാണ്. കേരളം ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് കേരളീയം നടത്തുന്ന അന്വേഷണം. സി. ആർ. നീലകണ്ഠൻ നമ്പൂതിരിയുമായി നടത്തിയ സംഭാഷണത്തിൽ നിന്ന്..**

ജനം നട്ടം തിരിയുന്നു. അവർക്ക് പേറാൻ ഒരു മെഗാ/മഹാ പ്രതിസന്ധി കൂടി നമ്മുടെ സർക്കാരുകൾ വച്ച് തന്നിരിക്കുന്നു. സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധിയെന്ന് പൊതുജനം. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയാണിതെന്ന് ആരും പറഞ്ഞു കേട്ടില്ല.

## പശ്ചാത്തലം

കാർഷികവൃത്തിയിലൂന്നിയ സമ്പദ്ഘടനയായിരുന്നു കേരളത്തിന്റേത്. ഉല്പാദനവും വിപണിയും സ്വന്തം ഗ്രാമങ്ങളിൽ കണ്ടെത്തി അവർ കാട്ടിത്തന്ന സ്വാശ്രയബോധത്തിന്റെ പാഠങ്ങൾ പിന്നീട് നമുക്ക് നഷ്ടപ്പെടുകയായിരുന്നു.

എന്നാൽ കഴിഞ്ഞ മുപ്പതു വർഷമായി പുറംവിപണിയെ ആശ്രയിച്ചുള്ള കാർഷിക വ്യവസ്ഥയാണ് നമുക്കുള്ളത്. നെൽകൃഷിപ്പാടങ്ങൾ നാണ്യവിളകളിലേക്ക് തിരിച്ചുവിട്ടിട്ടും ഭക്ഷ്യവിഭവങ്ങൾ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതിചെയ്യാമെന്ന സ്ഥിതിയും നമ്മുടെ അസമത്വ വികസനത്തിന്റെ ലക്ഷണങ്ങളായി.

ഇത്തരം പ്രവണതകളിലൂടെ കേരളീയ സമൂഹത്തിനും രാഷ്ട്രീയ-സാമ്പത്തിക നേതൃത്വത്തിനും മനസ്സിലാകാതെ പോയ ഒരു വസ്തുതയുണ്ട്. നമ്മൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളിലോ ഉപയോഗിക്കുന്ന വിഭവങ്ങളിലോ വില നിശ്ചയിക്കാൻ അധികാരം നമുക്കില്ലാതായെന്ന സത്യം. കയറ്റുമതി വിഭവങ്ങളുടെ വില പുറം വിപണി നിശ്ചയിക്കുമ്പോൾ, ആഭ്യന്തര വിപണിയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന വിഭവങ്ങളുടെ വില മറ്റു സംസ്ഥാനങ്ങൾ നിശ്ചയിക്കാനുമിടയായി. ഗൾഫ് പണവും, പുറം വിപണിയിൽ നമ്മുടെ നാണ്യവിളകൾക്ക് കിട്ടിയിരുന്ന ഉയർന്ന വിലയും നമ്മുടെ വിളകൾക്കുണ്ടായ നഷ്ടത്തെ ശ്രദ്ധയിൽപ്പെടുത്തിയില്ല. ക്രയവിക്രയങ്ങളിൽ നമുക്കുണ്ടായിരുന്ന പങ്ക് അതോടെ ഇല്ലാതായി. കാർഷിക വിളകളുടെ മാറ്റം കേരളീയ ജീവിതരീതിയെ തന്നെ മാറ്റി. കാർഷിക രംഗത്തുണ്ടായെന്ന പറയപ്പെടുന്ന വികസനം മണ്ണിനെ ജൈവമല്ലാതാക്കി, കൃഷി രീതിയെ യാന്ത്രികമാക്കി.

## തെറ്റായ വികസന സങ്കല്പം

പണം തരുന്നതെന്തും വികസനമാണെന്ന കാഴ്ചപ്പാടാണ് സമൂഹത്തിന് നിലവിലുള്ളത്. അതുകൊണ്ട് പുതിയ കമ്പോളങ്ങളെ ലക്ഷ്യമാക്കി വിദ്യാഭ്യാസരീതിയും, ജീവിതരീതിയും ചിട്ടപ്പെടുത്തിയപ്പോൾ ഉല്പാദനമേഖലയുടെ വികസനം അവഗണിക്കപ്പെട്ടു. കേരളത്തിലേക്കൊഴുകിയ അധികവരുമാനം കെട്ടിടങ്ങളായും, റോഡുകളായും ആശുപത്രികളായും പ്രത്യക്ഷപ്പെട്ടു. പാരിസ്ഥിതിക ആഘാതങ്ങൾ സൃഷ്ടിക്കപ്പെടുകയും ചിലവുകൂട്ടുകയും ചെയ്തത് ഈ അവസരത്തിലാണ്. നിയന്ത്രണമില്ലാതെ മണൽ, കല്ല് തുടങ്ങിയ പ്രകൃതിവിഭവങ്ങൾ ഉപയോഗപ്പെടുത്തുകയും അതിന്റെ ഫലമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുകയും ചെയ്തു. കുടിവെള്ള പദ്ധതികൾക്കും വിതരണത്തിനുമായി സർക്കാരിന് ചിലവ് പതിന്മടങ്ങായി വർദ്ധിച്ചു.

ഭക്ഷ്യപ്രതിസന്ധിയേക്കാളും മാധ്യമങ്ങളും ജനങ്ങളും പ്രാധാന്യം കൊടുത്തുകൊണ്ടിരിക്കുന്നത് വൈദ്യുതി പ്രതിസന്ധിയ്ക്കാണ് കമ്പോളത്തിലധിഷ്ഠിതമായി ഉല്പാദിപ്പിച്ച വൻകിട വൈദ്യുതപദ്ധതികൾക്ക് കൊടുക്കേണ്ടി വരുന്ന ഭീമമായ ചാർജ്ജ് സമൂഹ വികസനമാവില്ല. ഗൃഹനിർമ്മാണവും ഉപഭോക്തൃ ജീവിതരീതിയും വൈദ്യുതിയുടെ ഉപഭോഗം പലമടങ്ങായി വർദ്ധിപ്പിച്ചു.

## സാമ്പത്തികനയം

മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളുടെ വികലമായ വികസന സങ്കല്പമാണ് സാമ്പത്തിക സ്ഥിതി വഷളാക്കാൻ പ്രധാന കാരണം. വികേന്ദ്രീകരണ പ്രക്രിയയിൽ പോലും ഇടതുപക്ഷ രാഷ്ട്രീയ പാർട്ടികളടക്കം വികസനമായി എടുത്തുപറയുന്നത് റോഡുകളുടേയും, പാലങ്ങളുടേയും നിർമ്മാണമാണ്. നമ്മുടെ രാഷ്ട്രീയ കക്ഷികളുടെ വികസന സങ്കല്പം എത്തരത്തിലാണ് എന്നതിന്റെ മികച്ച ഉദാഹരണമാണ് അത്.

സംസ്ഥാനം നേരിടുന്ന ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി ആഗോളവല്ക്കരണ വികസനത്തിന്റെ ഭാഗമായി വരുന്നതാണ്. സ്വകാര്യ മൂലധനത്തിന്റെ പ്രവർത്തനം സുഗമമാക്കാനുള്ള പ്രവർത്തനത്തിൽ നിന്നുടലെടുത്തതാണ് ഈ പ്രതിസന്ധി. ഏഷ്യൻ ഡവലപ്മെന്റ് ബാങ്കുമായി കരാർ ഒപ്പിട്ട് ഇവിടേയ്ക്ക് ഒഴുകുന്ന കോടികളുടെ കടം റോഡുകളും, പാലങ്ങളുമായി ഇവിടേയ്ക്ക് ഒഴുകുമ്പോൾ തന്നെ വലിയ ഡാമുകളും, വലിയ ആശുപത്രികളുമായി പെരുകുന്നതും ഈ 'മെഗാ' സങ്കല്പം തന്നെയാണ്. വികസനത്തെ മൊത്തമായി ജനങ്ങളുടെ മനസ്സിൽ നിന്ന് വിലയ്ക്കെടുക്കുകയാണ് ഈ മെഗാസങ്കല്പത്തിന്റെ പിന്നിലുള്ളതും. അങ്ങനെ സമസ്തമേഖലകളിലും വിദേശ മൂലധനം ആവശ്യമാണ്. എന്ന നിലപാടിൽ എത്തിക്കാൻ രാഷ്ട്രീയകക്ഷികൾ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

സാമൂഹ്യസുരക്ഷയുടെ കാര്യത്തിൽ മറ്റു വികസിത രാഷ്ട്രങ്ങൾക്കൊപ്പം നിന്നിരുന്ന കേരളത്തെ പുറകോട്ടടിപ്പിക്കലാണ് ഇത്തരം എ.ഡി.ബി. പ്രൊജക്ടുകളുടെ പിന്നിലെ ഉദ്ദേശ്യം. റേഷൻ സബ്സിഡി വെട്ടിക്കുറച്ച് ഐ.ടി. പാർക്കുകളും സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കവർന്നെടുത്ത് സൂപ്പർഹൈവേകളും തുടങ്ങുന്നതും എക്സ്പോർട്ട് ഇൻസന്റീവ് കൊടുക്കുന്നതും പുതിയ വികസന സങ്കല്പനത്തിന്റെ ആഗോളവൽകൃത മാതൃകയാണ്.

## എങ്ങനെ നേരിടണം

സാമൂഹ്യ സുരക്ഷ നടപ്പാക്കുന്ന കാര്യത്തിൽ പുറകോട്ട് പോവാതെ നോക്കേണ്ടതും തുടർന്നു പോരുന്ന 'വികസന രീതി' കേരളം പോലുള്ള സംസ്ഥാനത്തിന് ആശാസ്യമാണോ എന്നുള്ള ചർച്ച ഉയരേണ്ടതും ആവശ്യമാണ്. കേരളീയനാവശ്യം അനുയോജ്യമായ ഭക്ഷ്യരീതിയിലേക്കുള്ള തിരിച്ചുവരവാണ്. കാലാവസ്ഥയ്ക്കനുസരിച്ചുള്ള, കൃഷിരീതിയിലേക്കുള്ള തിരിച്ചുപോക്കിലൂടെ സാമ്പത്തിക സ്വാശ്രയത്വം കൈവരിക്കുകയാണ് വേണ്ടത്. അതിനായി സാമ്പത്തിക-രാഷ്ട്രീയ-പാരിസ്ഥിതിക മണ്ഡലങ്ങളിലെ ആശയസമത്വവും ബോധവല്ക്കരണവും ആവശ്യമാണ്. നാണ്യവിളകൾക്കായി മാറ്റിവെക്കപ്പെട്ട സ്ഥലം നെല്ല്, കിഴങ്ങ്, പച്ചക്കറി എന്നിവക്കും മറ്റു ഭക്ഷ്യവിളകൾക്കുമായി മാറ്റിവെക്കാൻ കർഷകർ തയ്യാറാവണം. ജലസ്രോതസ്സുകൾ സംരക്ഷിച്ച് അതിലൂടെ പാരിസ്ഥിതിക തുലനം ഉറപ്പു വരുത്തേണ്ടത് നമ്മുടെ നിലനില്പിന് തന്നെ അത്യാവശ്യമാണ്. നമ്മുടെ വികസന ചർച്ചകളിൽ പാരിസ്ഥിതിക നിലപാടുകൾ കടന്നുവരാറില്ല, രാഷ്ട്രീയ പ്രശ്നമായി തന്നെ ഇത്തരം നിലപാടുകൾ കടന്നുവരേണ്ടത് അത്യാവശ്യമാണ്.

നമ്മുടെ സംസ്ഥാനത്തിന് രൂക്ഷമായ ഊർജ്ജ പ്രതിസന്ധി ഇല്ല എന്നതാണ് സത്യം. ഉല്പാദന രംഗത്തെ പ്രതിസന്ധിയല്ല മറിച്ച് ഡീസൽ നിലയങ്ങളും ബാധ്യതയാകുന്ന പ്രവണതയാണ് കണ്ടുവരുന്നത്. ഡാമുകൾ പണിത് വൈദ്യുതി പ്രതിസന്ധി മാറ്റാമെന്ന ധാരണയും വൈദ്യുതി ഉപഭോഗത്തിലുള്ള ധാരാളിത്തവും വൈദ്യുതി മേഖലയുടെ നിലനില്പിന് തന്നെ ഭീഷണിയാണ്. ഈ നില മാറ്റണം.

## മാറ്റം ആവശ്യമാണ്

ഈ സമരവും, സമ്പത്തിക പ്രതിസന്ധിയും സർക്കാർ ഉദ്യോഗസ്ഥരും കർഷകനും ചിന്തിക്കാനുള്ള അവസരമാണ്. തങ്ങൾ അനുവർത്തിച്ചു പോന്ന രീതി തിരുത്തപ്പെടേണ്ടതാണെന്ന ബോധം ഇരുകൂട്ടർക്കുമുണ്ടാകണം. അല്ലെങ്കിൽ പുകവലി ഉപേക്ഷിക്കാതെ കാൻസർ മാറ്റിത്തരാൻ ചികിത്സകനോടു പറഞ്ഞ രോഗിയുടെ അനുഭവമായിരിക്കും ഫലം.

**അടുത്ത ലക്കത്തിൽ :**

**ഡോ. കെ. അരവിന്ദാക്ഷൻ**